ശ്രീ. സി. കെ. നാണു: പരസ്യങ്ങളെ സംബന്ധിച്ചുള്ള തീരുമാനമെടുക്കുമ്പോൾ ട്രാൻസ്പോർട്ട്, പോലീസ് അതുപോലുള്ള ഘടകങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇതിനെ സംബന്ധിച്ചിടത്തോളമുള്ള സംവിധാനം എങ്ങനെയാണ് തീരുമാനിക്കുന്നത്, തദ്ദേശസ്വയംഭരണ വകുപ്പ് ഈ പരസ്യങ്ങളെ സംബന്ധിച്ച് തീരുമാനമെടുക്കുമ്പോൾ, പ്രധാനമായി അതിന്റെ ചർച്ചകൾ നടത്തുന്നത് ഏതിന്റെ അടിസ്ഥാനത്തിലാണ്?

ശ്രീ. എം. എം. ഹസ്സൻ: ലോക്കൽ ബോഡീസിനാണ് അതിനുള്ള അനുവാദം. അത് ട്രാൻസ്പോർട്ട് ബസ്സുകളിൽ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതായാലും.....

ശ്രീ. സി. കെ. നാണു: ഇപ്പോൾ ചില പ്രദേശത്ത് പരസ്യം വച്ച് ഡ്രൈവർ പോകുന്ന അവസരത്തിൽ ആ പരസ്യം നോക്കി ആക്സിഡന്റ് വരാൻ സാധ്യതയുണ്ട്. അതുപോലെ പോലീസിനും ഈ പരസ്യങ്ങൾ തടസ്സമാകാറുണ്ട്. അതിനെ സംബന്ധിച്ചിടത്തോളം തീരുമാനമെടുക്കുന്നത്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. തീരുമാനമെടുക്കുന്നത് ഏതൊക്കെ ചർച്ചയുടെ അടിസ്ഥാനത്തിലാണെന്നാണ് ഞാൻ ചോദിച്ചത്?

ശ്രീ. എം. എം. ഹസ്സൻ: ട്രാഫിക് പോലീസാണ് സൈൻ ബോർഡുകളും മറ്റും സ്ഥാപിക്കുന്നതിനുള്ള തീരുമാനം എടുക്കുന്നത്. പക്ഷേ ലോക്കൽ ബോഡീസിന്റെ അനുമതിയോടുകൂടിയാണ് അത് സ്ഥാപിക്കുന്നത്. ട്രാഫിക് പോലീസും ലോക്കൽ ബോഡീസും പരസ്പരം ചർച്ച ചെയ്ത് അവരുടെ അനുമതിയോടുകൂടിയാണ് സ്ഥാപിക്കുന്നത്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നടപടി

* 4 [855] ശ്രീ. പിരപ്പൻകോട് മുരളി:
„ കെ. പി. സതീശ് ചന്ദ്രൻ:
„ വി. കെ. ചന്ദ്രൻ:
„ മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികളിൽ വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ആശുപത്രികളിലെ സ്റ്റോറുകളിൽനിന്നും മെഡിക്കൽ സ്റ്റോറുകളിൽനിന്നും വിതരണം ചെയ്യുന്ന മരുന്നുകൾ പലതും കാലാവധി കഴിഞ്ഞതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ പ്രസ്തുത സ്റ്റോറുകളിൽനിന്നും വിതരണം ചെയ്യുന്ന മരുന്നുകൾ കാലാവധി കഴിയാത്തവയാണെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ) ഉണ്ട്. ആശുപത്രികളിൽ വിതരണത്തിനായി പരിഗണിക്കുന്ന മരുന്ന് കമ്പനികളിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ ഗുണനിലവാരം പരിശോധിച്ചതിനുശേഷമാണ് മരുന്നു കമ്പനികൾക്ക് ഓർഡർ നൽകുന്നത്. . കൂടാതെ 75 ശതമാനത്തിനുമേൽ ഷെൽഫ് ലൈഫ് ഉള്ള മരുന്നുകൾ മാത്രമാണ് വിതരണത്തിനായി വാങ്ങുന്നത് എല്ലാ ജില്ലാ ആശുപത്രികളിൽനിന്നും ജില്ലാ സ്റ്റോറുകളിൽനിന്നും മരുന്ന് സാമ്പിളുകൾ ഇടയ്ക്കിടെ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്.

(ബി, സി) ഇത്തരം സാഹചര്യം സംസ്ഥാനത്തിന് നിലവിലില്ല. ആശുപത്രികളിൽനിന്നും മെഡിക്കൽ സ്റ്റോറുകളിൽനിന്നും ഇടയ്ക്കിടെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ മരുന്നു സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ച് വരുന്നുണ്ട്.

പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിന് ഹൈലെവൽ കമ്മിറ്റി

* 5 [856] ശ്രീ. ടി. എൻ. പ്രതാപൻ:
,, ടി. യു. രാധാകൃഷ്ണൻ:
,, കെ. അച്ചുതൻ:
,, എ. സുജനപാൽ:
പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിന് ഒരു ഹൈലവൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഈ കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണ്;

(സി) പ്രസ്തുത കമ്മിറ്റിയുടെ അധികാര പരിധിയിൽ ഏതെല്ലാം പകർച്ച വ്യാധികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഡി) പ്രസ്തുത സമിതിയുടെ പ്രവർത്തനഫലമായി ഏതെല്ലാം പകർച്ചവ്യാധികൾ നിയന്ത്രിക്കപ്പെട്ടിട്ടുണ്ടെന്ന് പറയാമോ;

(ഇ) പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ഈ സമിതി സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly